the detailed provisions. Under the existing Kuri Act the amounts have to be deposited in banks. In spite of that provision, kuri was continuing to function in the State. It is difficult to understand how, as far as the starters are concerned, it makes a difference whether it is deposited in a bank or in the treasury. It makes little difference. My friend says that the rate of interest will be higher. Why should he concern himself with the rate of interest? The starter's profit depends upon other sources than this. Moreover, apart from the difficulties explained by the Advocate-General, I feel another difficulty also that stands in the way of permitting starters to deposit kuri amount in banks. Almost every respectable and stable bank in the State has got its own kuries.

Mr. A. B. Salem *(Mattancheri):* Is there not a uniform rule for the conduct of banks? There has been some modification in the Company law made applicable in this State enabling banks to conduct kuri though banks in British India are not allowed to conduct any kuri.

Mr. T. P. Poulose *(Kanayannur):* Every bank has heavy responsibilities from its own kuri transactions alone. Suppose there are six banks, *A*, *B*, *C*, *D*, etc. Each of these six banks will be conducting kuries involving large amounts. Bank *A* will deposit kuri amounts in bank *B*, *B* in *C* and *C* in *A* and so on. All these will serve mutually. They need not actually deposit any money, but can make adjustments in their books and if one of these banks fails, the consequence will be that all these banks will fail. In British India it was thought that the conduct of kuri was not proper for a bank and that it seriously prejudiced its stability. When we have permitted the banks to conduct kuries it is our duty to see that they undertake only the minimum responsibility on that account and that additional responsibilities arising out of kuries started by others are not shouldered by these banks. So, it is absolutely necessary that the deposits should be in the treasury.

Mr. V. J. Mathai *(Planters):* Suppose in an auction kuri of 1,000 rupees a subscriber bids for 600 rupees. How will you fix the responsibility for the 400?

Mr. T. P. Poulose *(Kanayannur):* There are certain provisions restricting the commission which a starter can take. The real profit which a starter gets is different from the indirect profits for which my friend from Trichur was speaking so vehemently. It consists of the commission which he gets at every instalment and the interest on the collections which he makes at the first or second instalment. Mr. Iyyunni was giving the instance of the Trichur Bank kuries with 111 tickets of Rs. 50 each. The starter gets

LIBRARY ARCHIVES Kerala Legislative Assembly

Rs. 5,550 at the first or second instalment. He has to pay back to the kuri that amount at the rate of Rs. 50 every month; but he gets a commission of Rs. 50 every month. So much so he gets as profit this 5,550 rupees and interest on it after deducting any expenses which may be necessary for conducting the kuri. For paying the monthly subscriptions he gets the commission of Rs. 50. He can utilise all the Rs. 5,550 and the interest accruing thereon from which he has to spend a small amount for the expenses of the kuri. This is the real and direct profit. Nobody can complain if he is not given those indirect profits arising from the default of the subscribers. The commission rates in the schedule appear to be reasonable from the standpoint of the monthly kuri. As far as the yearly kuri is concerned, this rate is rather low and may work serious hardships since in a yearly kuri of the same amount of the Trichur monthly kuri just mentioned the starter will have to pay about Rs. 600 per instalment towards the kuri. Though he has to pay Rs. 600 he gets a commission of Rs. 50 only so much so that the profit that he gets will be much less than the profit that the starter of monthly kuri gets. In rural areas yearly and half-yearly kuries alone are run. The commission given in the schedule will be too low for these kuries. I would therefore suggest that the Select Committee should consider the question whether this rate of commission is really sufficient for yearly and half-yearly kuries. In view of the fact that the rate of interest has gone down it may be practically impossible to conduct yearly and half-yearly kuries in rural areas with the rates of commission given in the schedule. I think this aspect will receive the attention of the Select Committee.

The Bill contains another set of provisions relating to the winding up of kuries. The Advocate-General was saying that the provisions suggested by the committee were more comprehensive than those contained in the Bill and that if they were put into operation the starters would have been put to serious difficulties. Though I am also for some provisions for winding up kuries, I am of the view that even these provisions contained in the Bill lay down conditions having a very wide scope and likely to be abused by the subscribers. The argument may be advanced that the courts of law will look into the question and judiciously exercise their discretion. Once a winding up petition is filed, with or without justification, the chances are that from that date no subscriber will pay anything. If a winding up petition is filed, that petition itself will be the cause for the collapse of the kuri even though the petition is dismissed by the court after enquiry. There may not be any objection to the provision under sub-clause (1). But sub-clauses (2) and (4) provide very

LIBRARY ARCHIVES Kerala Legislative Assembly

wide scope for abuse. The clauses are "if it is proved to the satisfaction of the court that the foreman is unable to pay the amount to the subscribers" and "if the court is of opinion that it is just and equitable that the kuri should be wound up." These provisions seem to have been taken from the Company's Act. But the case of the companies cannot be taken as analogical to the cases of kuries. Any subscriber can allege that the starter is unable to pay the amount to the subscribers and a petition can be presented for winding up. Clause 37 says that any non-prized or unpaid prized subscriber can apply to the court for winding up. A defaulting non-prized subscriber discontented with the position brought about by his own default can maliciously put in a petition making sufficient allegations that will satisfy sub-clauses (2) and (4) and work up the collapse of the kuri in that mischievous manner.

Mr. M. Sivarama Menon *(Advocate-General):* Defaulting non-prized subscribers were never intended to be included under "non-prized" or "unpaid prized subscriber."

Mr. T. P. Poulose *(Kanayannur):* I hope that will receive the attention of the Committee. Sub-clause (4) is also very wide. I am asking whether the mere presentation of a petition will not bring out the collapse of a kuri. The kuri is an institution which, if the confidence of the subscribers is shaken, cannot continue any longer. It cannot stand such shake to the extent Joint Stock Companies can. I would suggest therefore that the conditions that would entitle a subscriber to put in a petition for winding up should be definite breaches of certain specified obligations of the starter. The Act may provide that if a kuri starter fails to perform such and such obligations under the kuri *vaimpu* or under the Act a winding up petition will lie. The grounds to be provided for in the Bill should be specific and not such as would provide scope for abuse by some mischievous subscriber. In these circumstances, I support the general principles of the Bill.

Mr. A. V. Moothedan *(Chalakkudi):* Sir, I generally support the Bill. It is admitted by all parties that the kuri is a healthy institution and should be encouraged. Our object is not to kill kuri but to conduct it on healthy lines. Regarding that there is no dispute. We have to frame the Act in such a way as to achieve this object. Under sub-section (4) of section 14 the foreman has to deposit 50 % of the prize amount within 3 months of the due date. This provision is very hard. In the report of the Kuri Committee, they have stated that in every kuri roughly 33⅓ per cent of the kuri amount is collected. So the foreman should find cash for depositing the balance, *i.e.*, 1/6 of the kuri amount. Thus, in one year, in the case

LIBRARY ARCHIVES Kerala Legislative Assembly

of monthly kuries, the foreman has to find twice the kuri amount and if the kuri lasts for 9 or 10 years he has to find 4 or 5 times the kuri amount. For advancing so much cash what is the benefit he gets? He gets 1½ per cent interest at a future date. Hereafter Joint Stock Companies alone will be able to conduct kuries. Individuals cannot conduct kuries. So, if a bank is not able to get deposit at less than 1½ per cent interest, the bank will not be able to conduct kuries. The net result will be there will be no kuries. Again there will be defaulting prized subscribers. The foreman will have to file suits to recover the amounts and in the normal course it will take 4 or 5 years to get a decree. Considering all these aspects of the matter it will be very difficult to conduct a kuri. Why should the foreman make all these sacrifices? Therefore, I think that if sub-clause (4) is strictly adhered to there will be no kuries because in the course of 2 years the foreman will have to find 4 times the kuri amount at 1½ per cent interest. Then there is section 12 under which the foreman has to furnish security. According to the old regulation it was twice the kuri amount. My suggestion is that the security may be raised to twice the kuri amount and at the same time sub-clause (4) of section 14 may be deleted. I make this suggestion in the interests of both parties, because according to the new provision the foreman will have to find liquid cash to the extend of 4 times the kuri amount. Under section 12 the foreman has to furnish security for one kuri amount and at the same time under section 14 he has to deposit in cash 50 per cent of the prize amount. Therefore, what I suggest is that the security under section 12 may be raised, say twice or thrice; but the foreman should be compelled only to deposit the actual collections. That is the important suggestion that I want to make.

Then there are certain minor alterations to be made. Under section 55 Government can appoint Registrars of Kuries. But under sections 12, 22, etc., reference is made to the Superintendent of Registration. Why should that name be introduced here? These Registrars are under the Superintendent of Registration. Therefore, when the Government frame rules under section 55, they can make adequate provision for the supervision of the work of the Registrars by the Superintendent of Registration. There is no necessity for introducing the name of the Superintendent of Registration here. The Registrar of Kuries is enough. When the Government frame rules under section 55, they may make proper safeguards to see that the Registrar of Kuries does things properly. In the old Act the name of the Superintendent of Registration does not occur.

There is another suggestion. Mr. Poulose wants to narrow down the scope of the provision for winding up. I want to make it

LIBRARY ARCHIVES Kerala Legislative Assembly

wider. The conditions laid down in section 36 are very rigid. "When a court is satisfied", etc. it is very difficult to satisfy a District Court. Every law will be abused by some unscrupulous persons. There will be loopholes. My position is that if a person has put in frivolous petition, there is provision in the Bill to punish him. Suppose the court finds that the petition is frivolous, then the petition will be dismissed with exemplary costs and it will be sufficient testimony to prove that the Kuri is conducted properly. I say that the provisions for winding up should be more wide. I do not agree with Mr. Poulose. Then section 38. It appears that the framers have in mind only individuals running kuries. Hereafter there will be only joint stock companies running Kuries. So you will have to provide for them also. Section 38 should be widened to be made applicable to joint stock companies in case Kuries conducted by them are wound up. Under clause 43 the entire kuri assets shall vest in the court or in the official receiver. Why should it be restricted to the official receiver? It is better to make a general provision that the Kuri assets shall vest in the court or any officer appointed by the court. These are some of my suggestions.

മിസ്റ്റർ വി. കെ. കുട്ടി: സർ, കുറികളിൽ ചേരുന്ന വരിക്കാരുടെ ഇണ ത്തെ ഉദ്ദേശിച്ച് മിതമായ ഒരു നിയന്ത്രണംവെച്ചുകൊണ്ട് ഗവമ്മെൻറിൽനി ന്നും ഒരു ബിൽ കൊണ്ടുവന്നതിൽ ഞാൻ ഗവമ്മെൻറിനോട് നന്ദിപറഞ്ഞു കൊള്ളുന്നു. കൊച്ചി രാജ്യത്തു കുറികൾമൂലം സങ്കടമനുഭവിക്കുന്ന അനേകം ആളുകൾ ഉണ്ടെന്നുള്ള സംഗതി ഗവമ്മെൻറ് മനസ്സിലാക്കിയതിൻെറ ഫല മായിട്ടാണ് ഫ്രാ ൃ-ലും അതിനശേഷവും ചില വ്യവസ്ഥകളും വിളംബര ങ്ങളുമെല്ലാം ഉണ്ടായിട്ടുള്ളത്.

മിസ്റ്റർ ടി. വി. സുബ്രഹ്മണ്യയ്യർ: വല്ല പ്രക്ഷോഭണങ്ങളും ഉണ്ടായിട്ട ണ്ടോ?

മിസ്റ്റർ വി. കെ. കുട്ടി: അനവധി പ്രക്ഷോഭണങ്ങളുണ്ടായിട്ടുണ്ട്. അ തിൻെറ ഫലമായിട്ടാണ് വിളംബരങ്ങളും മറ്റുമുണ്ടായിട്ടുള്ളത്. ഈ നി യമ സഭതന്നെ പല പ്രക്ഷോഭണങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് അങ്ങിനെയുള്ള പരിതസ്ഥിതികളും വെച്ചു നോക്കുമ്പോൾ കുറി നിയന്ത്രണ ത്തിനും ചിറ്റാളന്മാരുടെ രക്ഷക്കുംവേണ്ടി ഒരു നിയമം ഈ രാജ്യത്തു് അത്യാ വശ്യമാണെന്നു് ഇവിടെ സ്ഥാപിച്ചുകഴിഞ്ഞിട്ടുണ്ട്. ആ നിയമം ഏതുരൂപ ത്തിലായിരിക്കണമെന്നുള്ള കാര്യത്തെപ്പറ്റിയാണ് ഇന്നിവിടെ ചിന്തിച്ചുവ രുന്നതു്. തൃശ്ശിവപേരൂരിലുള്ള ലൂട്ട്പള്ളികുറികളേയോ, കത്തോലിക്കു് സി റിയൻ ബാങ്ക കുറിയേയോ ധർമ്മോദയം ബാങ്കുവക കുറിയേയോ നോക്കിയല്ല ഈ രാജ്യത്തെ കുറികളുടെ സ്ഥിതിഗതികൾ നിശ്ചയിക്കേണ്ടതു്. ഈ സ്ഥാ പനങ്ങളെല്ലാം ന്യായമായ നിലയിൽ മുമ്പോട്ടേക്കുടി പ്രവൃത്തിച്ചുപോരു ന്നുണ്ടെന്നു് എനിക്കറിയാം. അങ്ങിനെ എത്രാനും ചില സ്ഥാപനങ്ങൾ മു മ്പോട്ടയായി പെരുമാറുന്നുണ്ടെന്നുള്ള കാരണത്തിന്മേൽ ഈ രാജ്യത്തു് ഇങ്ങി നെ ഒരു നിയമം വേണ്ടെന്നു പറയുന്നതിൽ അടിസ്ഥാനമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: ഒരു വാക്ക് എനിക്ക പറയുവാനുണ്ട്. അങ്ങിനെയുള്ള സ്ഥാപനങ്ങൾ ശരിയായിട്ട കുറി നടത്തുന്നുണ്ടെങ്കിൽ ഈ നിയമം വന്നാൽ പിന്നീട അവക്ക കുറികൾ ശരിക്ക നടത്തുവാൻ സാധിക്കുകയില്ല.

മിസ്റ്റർ വി. കെ. കുട്ടി: മുഡാക്കാക്ക വളരെ സൌകര്യങ്ങൾ ഈ ബില്ലിലുണ്ട്. അങ്ങിനെ നോക്കുന്നപക്ഷം മുഡാക്കാക്ക ന്യായമായ നിലയിൽ ഈ രാജ്യത്ത ജീവിക്കുവാനുള്ള സൌകര്യം മാത്രമാണ് ഈ ബില്ലുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. സാധാരണയായി ഈ രാജ്യത്ത നടത്തിവരുന്ന ചില കുറികളെപ്പറ്റി എനിക്കറിയാം. കുറിയിൽ ചേർന്നുകഴിഞ്ഞാൽ മൂന്ന മുടക്കുവരുത്തുകയാണെങ്കിൽ കുറിയുടെ കാര്യം വട്ടത്തിലായിട്ടാണ് സാധാരണ കണ്ടുവരാറുള്ളത്. കുറിയിൽ ചേർന്നുകഴിഞ്ഞു മൂന്ന മുടക്കുവരുത്തിയാൽ ആ കുറി ചീന്തിപ്പോകും. അതായത് അതിന്റെ അവകാശം എന്നെന്നേക്കുമായി നശിച്ചുപോകും. പിന്നീട കുറി വട്ടമെത്തുന്നവരെ സംഖ്യ കിട്ടുകയുമില്ല. ഈ നിയമം വരുകയാണെങ്കിൽ ഫോർമാഡുകൾ ഒന്നായി മുടക്കിയാലും സംഖ്യ മുന്നിച്ച് പലിശയോടുകൂടി കൊടുത്താൽമതി. ചിറാളന്മാരുടെ ഉപദ്രവത്തിൽനിന്നും വരിക്കാരെ രക്ഷിക്കണമെന്നുള്ളതാണ് ഗവൺമെൻറ് പ്രധാനമായി ഈ ബില്ലുകൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത്. എന്റെ അറിവിൽ ഒരു കുട്ടിക്കുമാത്രമെ ഇതുകൊണ്ടു ബുദ്ധിമുട്ട വരികയുള്ളൂ. കുറിവച്ചുണ്ടാക്കുന്ന സംഖ്യകൊണ്ടു ബാങ്ക നടത്തുന്നവർക്ക ആ സമ്പ്രദായം ഇതുമൂലം നഷ്ടപ്പെടും. ഇപ്പോൾ അന്തരത്തിൽ നടത്തിവരുന്ന അനവധി ബാങ്കുകൾ ഈ രാജ്യത്തുള്ളതായി എനിക്കറിയാം. അങ്ങിനെയുള്ള ചിലത് മാസംതോറും നശിച്ചും പൊട്ടിഞ്ഞും വരുന്നുണ്ട്. അതുകൊണ്ടുള്ള ഗുണം അധികവും ചിറാളന്മാർക്കുമാത്രമാണ്. എന്നാൽ അതുകൊണ്ടുണ്ടാകാവുന്ന നഷ്ടം മുഴുവൻ അനുഭവിക്കുന്നവർ സാധുക്കളുമാണ്. കഷ്ടപ്പാടും ബുദ്ധിമുട്ടുകളും അനുഭവിച്ച് പണമുണ്ടാക്കുന്നവരുടെ പണത്തിനാണ് എപ്പോഴും കേടുവരുന്നത്. അവരുടെ പണത്തെ രക്ഷിക്കുവാൻവേണ്ടി ഗവൺമെൻറോ മറ്റാരെങ്കിലുമോ മുന്നോട്ട വരുന്നുണ്ടെങ്കിൽ അവരെ സഹായിക്കേണ്ടതുമതല ഈ നിയമം സഭക്കുണ്ട്. അതുകൊണ്ടാണ് ഈ ആവശ്യമാണെന്ന പറയുന്നവരുടെ അഭിപ്രായത്തോടുകൂടി യോജിക്കുന്നത്. കുറി സമ്പ്രദായം രാജ്യത്തിന്റെ രക്ഷക്ക ആവശ്യമാണെന്ന ചില ചരിത്രങ്ങളിൽ വിവരിച്ചിട്ടുണ്ടെങ്കിലും ഇതുവരെ അനുഭവത്തിൽനിന്നും മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുള്ളത് അങ്ങിനെയല്ല. അങ്ങിനെയുള്ള സ്ഥിതി ഇവിടെ വരുവാൻ കാരണം കുറിയിൽ കിട്ടുന്നസംഖ്യ ചിറാളന്മാരുടെ സ്വാതന്ത്ര്യംപോലെ വിനിയോഗിക്കുവാൻ സൌകര്യമുള്ളതുകൊണ്ടാണ്.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ബാങ്കുനടത്തുവാൻമാത്രമല്ലേ ഉപയോഗിക്കുന്നുള്ളൂ?

മിസ്റ്റർ വി. ജെ. മാത്തായി: ബാങ്ക നടത്തുന്നത ദോഷമാണോ?

മിസ്റ്റർ വി. കെ. കുട്ടി: സാധുക്കളുടെ പിച്ച മുരട്ടയിൽനിന്നല്ല, സമ്പാദിക്കുവാൻ നോക്കേണ്ടത്. കുടിക്കുന്നതിൽനിന്നും കിട്ടുന്നസംഖ്യ കുടിനിറുത്തുവാൻ ഉപയോഗിക്കുന്നതുപോലെ ഈ സംഖ്യയും കുറിയുടെ ആവശ്യത്തിനായിട്ടവേണം ഉപയോഗിക്കുവാൻ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ എം. വി. മൂത്തേടൻ: അപ്പോൾ ബാങ്ക് എന്നതിന്റെ വ്യാഖ്യാനം ശരിയല്ലെന്നു പറയൂ.

മിസ്റ്റർ വി. കെ. കുട്ടി: നിങ്ങൾ എങ്ങിനെ വ്യാഖ്യാനിച്ചാലും തരക്കേടില്ല. ഇതിന്റെ പരമാർത്ഥം ഇത്രമാത്രമാണ്. ഇപ്പോൾകൊടുത്തു ആധാരങ്ങൾ ഉണ്ടാക്കിയാൽപോലും സ്ഥലം നേരിട്ടു പരിശോധിക്കുവാൻവേണ്ടി കുറെക്കാലം പിടിക്കും. കൂടാതെ ചില സ്ഥലങ്ങൾ പരിശോധിക്കുവാൻവേണ്ടി കമ്മീഷൻപോലും വാങ്ങിച്ചിട്ടുള്ളതായി എനിക്കറിയാം. അതുകൊണ്ടു ഇങ്ങിനെയുള്ള പ്രതിബന്ധങ്ങളെ ഇല്ലാതാക്കുവാനുള്ള മിതമായ ഒരു നിയന്ത്രണമാണ് ഈ ബില്ലിൽ വെച്ചിട്ടുള്ളതു്. ബഹുമാനപ്പെട്ട ലൊ മെമ്പർപറഞ്ഞതുപോലെ എങ്ങിനെയെങ്കിലും സാധുക്കൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം എടുത്തു ബാങ്കിലിടുകയൊ കുറിയിൽ ചേരുകയൊ ചെയ്യുന്നവെങ്കിൽ ആപണം അവസാനം ആവക്കു കിട്ടണമെങ്കിൽ അതിനു ഒരു രക്ഷയുണ്ടാക്കേണ്ടതു് ആവശ്യമാണ്. ആ ഉദ്ദേശത്തിൽനിന്നും വ്യതിചലിക്കാത്തനിലയിൽ കമ്മിറ്റി വേണ്ട ഭേദഗതികളോടുകൂടി സ്വീകരിക്കേണ്ടതാണെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

മിസ്റ്റർ വി. ജെ. മത്തായി: ഇപ്പോഴത്തെ ഈ പുതിയ നിയമം നടപ്പിൽ വരുകയാണെങ്കിൽ ഒരു കുറി കൈക്കാരൻ എന്തെല്ലാം ചെയ്യണമെന്നുള്ളതു് ആദ്യമായിട്ടു പറയാം. അതിൽനിന്നു് ഇതിന്റെ ദോഷവശങ്ങളും ഗുണവശങ്ങളുമെല്ലാം മനസ്സിലാക്കുവാൻ സാധിക്കും. ഇതിനെപ്പറ്റി നിസ്സാരമായ ഒരു സംശയം ഇവിടെ പ്രസ്താവിച്ചുകഴിഞ്ഞിട്ടുണ്ട്. കുറി മനുഷ്യർക്കു് ആവശ്യമാണ്, ഗുണവുമാണ്. എന്നാൽ അവയ്ക്കു ചില ദോഷങ്ങളും ഉണ്ടു്. മിസ്റ്റർ കുട്ടി പറഞ്ഞതു് കുറിയിൽ ചില ദോഷങ്ങളുള്ളതുകൊണ്ടു് അവയെ കൊല്ലുക എന്നാണു്. കത്തികൊണ്ടു് മനുഷ്യർക്കു വളരെ ഉപയോഗമുണ്ടു്. എന്നാൽ കത്തികൊണ്ടുതന്നെ ചിലർ കൊലപാതകങ്ങളും നടത്തുന്നുണ്ടു്. അതുകൊണ്ടു് ഈ രാജ്യത്തു എങ്ങും കത്തിയെ പാടില്ല എന്നുള്ള നിയമം നടപ്പാക്കുന്നതുപോലെയാണതു്. വാസ്തവത്തിൽ കുറിയിൽ ചേരുന്നതുകൊണ്ടു ഗുണമാണുള്ളതു്. പക്ഷെ അതു ഒരുപയോഗപ്പെടുത്തുന്നു; കുറിയിൽ ചേരുന്ന ആളുകൾക്കു ചിലർ പണം കൊടുക്കുന്നില്ല; അതിനു ഒരു നിയമം വേണമെന്നാണു പറയുന്നതു്. ഞാൻ ചോദിക്കുന്നു ഈ നാട്ടിൽ കടം വാങ്ങിക്കുന്നവരെല്ലാവരും അതു തിരിച്ചുകൊടുക്കുന്നവരാണൊ എന്നു്. അങ്ങിനെ ആരെങ്കിലും കൊടുക്കാതെ ഉണ്ടെങ്കിൽ മേലാൽ ഈ രാജ്യത്തു് ആരും കടം വാങ്ങിക്കുകയൊ കൊടുക്കുകയൊ ചെയ്യാൻ പാടില്ലെന്നുള്ള ന്യായം ശരിയാണൊ? ബാങ്ക് ഡെപ്പോസിറ്റേഴ്സും കുറി ഡെപ്പോസിറ്റേഴ്സും തമ്മിൽ എന്താണു വ്യത്യാസമുള്ളതു്? കുറി നടത്തുന്ന ആളുകൾ കുറെ നിലയും വിലയും ഉള്ളവരാണെങ്കിൽ മാത്രമെ വരിക്കാർ സംഖ്യ കൊടുക്കുകയുള്ളു. സ്വാതന്ത്ര്യത്തോടുകൂടിയുള്ള കരാറിന്മേൽ നടത്തപ്പെടുന്നതാണു് കുറി. കൈക്കാരന്മാരുടെ നിബന്ധപ്രകാരം ആളുകൾ കുറിയിൽ ചേർന്നുകൊള്ളണമെന്നു് യാതൊരു നിയമവുമില്ല. ഇതാണു് പൊതുവെ എനിക്കു് ഇതിനെപ്പറ്റി പറയുവാനുള്ളതു്.

ഈ ബില്ലിനെ സംബന്ധിച്ചു് ലോ മെമ്പർ അവർകൾ പറഞ്ഞ തത്വങ്ങൾക്കു വ്യാഖ്യാനം കൊടുക്കുന്നതിനുമുമ്പു് ഒരു കുറി നടത്തണമെന്നുണ്ടെങ്കിൽ അതിലേക്കു് എന്തെല്ലാം ചെയ്യണമെന്നുള്ളതിനെക്കുറിച്ചു് പറയാം. ആദ്യമായി കുറി കൈക്കാരൻ തന്റെ സ്വന്തം ചിലവിന്മേൽ കുറിയൊന്നു അച്ചടി

LIBRARY ARCHIVES Kerala Legislative Assembly

ച്ചിക്കണം. അതോടൊടിതന്നെ വസ്തു എവിടെനിന്നെങ്കിലും വിലക്കുവാങ്ങി ഇടുവെക്കണം. കുറി രജിസ്റ്റു ചെയ്യുവാനും കൂടക്കൂടെ രജിസ്ട്രേഷൻ സൂപ്രണ്ടിന്റെ വീട്ടിൽ പോകേണ്ടുവാനും മറ്റും വേണ്ടി ഒരു അമ്പാനിഡറെ നിയമിക്കണം. വസ്തു പരിശോധിച്ചു് തീയാണെന്നു പരിശോധിക്കുവാനായിട്ടു് പല പ്രാവശ്യം രജിസ്ട്രേഷൻ സൂപ്രണ്ടിന്റെ മുമ്പിൽ പോകണം. അതിലേക്കുള്ള യാത്രച്ചിലവും മറ്റുള്ള ചിലവുകളും എല്ലാം ഇതു കുറി നടത്തുന്ന ആൾ വഹിക്കണം.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: ഒരു മാസത്തിൽ എത്ര പ്രാവശ്യം സൂപ്രണ്ടിന്റെ മുമ്പിൽ പോകണം?

മിസ്റ്റർ വി. ജെ. മത്തായി: പലപ്പോഴും പോകേണ്ടിവരും. ഒന്നുകൂടി പറയാം. ആദ്യംതന്നെ ചൈനു് രജിസ്ട്രാക്കുവാനുള്ള ഫീസ്സു് കൊടുക്കണം. കുറിക്കാരെ ചേർക്കുന്നതിനുമുമ്പു് സെക്യൂരിറ്റി കൊടുക്കണം. ന്യായമായി നടത്തുന്ന ബാങ്കുകൾ വസ്തു ആർജ്ജിക്കുന്നതു ബാങ്കിനു ദോഷമാണു്. ഇമ്പീരിയൽ ബാങ്കുപോലെ സുവ്യവസ്ഥിതമായി നടത്തപ്പെടുന്ന ബാങ്കുകളൊന്നും വസ്തുക്കൾ ആഗ്രഹിക്കാറില്ല. അങ്ങിനെ ഇതു കൊടുക്കുവാൻ വേണ്ടിയുള്ള വസ്തുക്കൾ വിലകൊടുത്തു വാങ്ങണം. അല്ലാത്തപക്ഷം ഉറുപ്പിക കയ്യിൽനിന്നു് കൊടുത്തു് മൂന്നര ശതമാനം ഗവർമ്മെണ്ടു ബോണ്ടുകൾ വാങ്ങണം. അതിനുശേഷം രജിസ്ട്രേഷൻ സൂപ്രണ്ടിന്റെ അടുത്തു പലപ്രാവശ്യം പോകണം. അദ്ദേഹം സക്കീട്ടിലാണെങ്കിൽ അവിടെ യാത്രച്ചിലവും ചെയ്തു് അന്വേഷിച്ചു പോകണം. പിന്നെ കുറിയിൽ വരിക്കാരെ ചേർക്കണം. സാധാരണ ഏലകൻഷൻ നടത്തുന്ന അവസരത്തിൽ കാൻവാസിംഗു് നടത്തുന്നതുപോലെയുള്ള ബുദ്ധിമുട്ടുകളെല്ലാം വരിക്കാരെ ചേർക്കുന്ന കാര്യത്തിൽ വരും. അതിലേക്കു് കമ്മീഷൻ കൊടുത്തു് ഏജൻറുമാരെ വെക്കണം. കുറിയിൽ ചേരുമ്പോൾ അതു നല്ല കുറിയാണൊ ചീത്ത കുറിയാണൊ എന്നു ഊഹം വെച്ചു നോക്കിട്ടേ ആളുകൾ ചേരുകയുള്ളു. കുറി തുടങ്ങി ആദ്യത്തെ തവണ കഴിഞ്ഞാൽ രണ്ടാമത്തെ തവണക്കു് കുറി കൈക്കാരൻ അൻപതു ശതമാനം പണം ട്രഷറിയിൽ കെട്ടിവെക്കണം. അവർ കുന്നംകുളത്തുള്ളവരാ മുളന്തുരുത്തിക്കാരാ ആണെങ്കിൽ പണം കെട്ടിവെക്കുവാൻവേണ്ടി തൃശ്ശൂക്കോ എറണാകുളത്തേക്കോ പോകണം. ഇതിനുപുറമെ ഉള്ള ചിലവു് ആര്ക്കു് ആരു കൊടുക്കും? കുറി രജിസ്റ്റു ചെയ്യുന്നതിനുവേണ്ടി ആയിരത്തിനു് ൫ ഉറുപ്പിക പ്രതിഫലം കൊടുക്കണം. ചൈനു് ഫയലാക്കുന്നതിനു് രണ്ടുറുപ്പിക ചിലവാക്കണം. അതുകൂടാതെ അനങ്ങിയാലും തിരിഞ്ഞാലും തുമ്മിയാലും ചിരിച്ചാലും അതിനെല്ലാം രജിസ്റ്റു് ഫീസ്സു് ചിലവാക്കണം. ഇതിനുപുറമെ പുറമെ ചില വീഴ്ച്ചക്കും ദിവസം ഒന്നുക്കു് ൫൦൦ ഉറുപ്പിക വീതം ഫയിൻ കൊടുക്കണം. അങ്ങിനെ ൩൦ ദിവസം കണക്കാക്കുമ്പോൾ ൧൫,൦൦൦ ഉറുപ്പിക പിഴ വരും. പിനൽകോഡുപ്രകാരം നിശ്ചയിച്ചിട്ടുള്ള വലിയ പിഴ ആയിരം ഉറുപ്പികയാണു്. ൧൧൧ തവണകളുള്ള ഒരു കുറിയിൽ ൫൫ ആളുകൾ മുടക്കം വരുത്തുകയാണെങ്കിൽ ആ ൫൫ പേരും കൊടുക്കേണ്ട സംഖ്യയായ ൫,൭൫൦ ഉറുപ്പിക കൈക്കാരൻ ഉണ്ടാക്കികൊള്ളണം. കുറിയിൽനിന്നും കിട്ടുന്ന ലാഭം കൈക്കാരനു് തൊടുവാനും പാടില്ല. ഈ നിലയിൽ കുറി നടത്തുന്ന കാര്യം വസ്തുവത്തിൽ കൈക്കാരന്മാർക്കു വളരെ വിഷമമായിട്ടുള്ള സംഗതിയാണു്. ഉടൻ കൊടുത്താലും കൈനറുക്കു സംഖ്യയുടെ പലിശകൂടി തൊടുവാൻ അവർക്കു് അധികാരമില്ല. എന്തെങ്കിലും നഷ്ടം വരുകയാണെങ്കിൽ അതു കയ്യിൽനിന്നും

LIBRARY ARCHIVES Kerala Legislative Assembly

കെട്ടിവെക്കുകയും സെക്യൂരിറ്റി മടക്കി വാങ്ങിക്കുവാൻ അവസാനത്തെ തവണ വരെ കാത്തിരിക്കുകയും വേണം. കൊച്ചീരാജ്യത്തിൽ കൂറിയുടെ കാര്യത്തിൽ മാത്രമല്ലാതെ മറ്റു യാതൊന്നിലും ഗവൺമെണ്ടു് ഇടപ്പെടുന്നില്ല. ഒരു കച്ചവടക്കാരൻ രൊക്കം പണം കൊടുക്കാതെ കടമായി ചരക്കുകൾ വാങ്ങിച്ചാൽ അതിനു് എന്തെങ്കിലും ഗവൺമെണ്ടു് വിരോധം പറയുന്നുണ്ടോ? ഫയിനിടുന്നുണ്ടോ? ഇതുകൂടാതെ അന്യായംകൊടുത്തു വിധി സമ്പാദിക്കുവാൻവേണ്ടി ഓരോ കൊല്ലത്തെ സംഖ്യക്കും പ്രത്യേകം പ്രത്യേകം അന്യായം കൊടുക്കണം. കോടതിയിൽ കേസു കൊടുത്താൽ കോർട്ടുചിലവുകൂടാതെ മറ്റു പല ചിലവുകളുമുണ്ടെന്നുള്ളതു് ഈ ബഹുമാനപ്പെട്ട സഭ ആലോചിക്കേണ്ടതാണു്. എപ്പോഴും കക്ഷിയും വക്കീലും തമ്മിലുള്ള കണക്കു് കോടതിയിൽ ഉള്ള കണക്കിനേക്കാൾ എത്രയോ അധികരിച്ചിരിക്കും. അതുകൊണ്ടു് ഈ നിയമപ്രകാരം കൂറികൾ നടത്തിയാൽ അതു നിലനില്ക്കുവാൻ പ്രയാസമാണു്. അതാണു് ഈ ബില്ലിനെപ്പറ്റി വരാവുന്ന പൊതുവെയുള്ള വിഷമങ്ങൾ. കൈക്കാരൻ കൊടുക്കേണ്ട സംഖ്യ ശരിക്കു കൊടുക്കുകയും വേണം, അയാൾക്കു കിട്ടുവാനുള്ളതു വസൂലാക്കുവാനും പാടില്ല. ഈ ബിൽ ഇതേപടി സ്വീകരിക്കുന്നപക്ഷം അതു കൂറി കൈക്കാരന്മാർക്കു വാസ്തവത്തിൽ ദോഷമായിത്തീരും. കൂറി നല്ലതാണു്, പക്ഷെ അതിൽ ചില ദോഷങ്ങളും കൂടി ഉള്ളതുകൊണ്ടു് അതിനെ കൊന്നുകളയുക; അല്ലെങ്കിൽ നിയമം മൂലം ഇല്ലാതാക്കുക എന്നു പറയുന്ന ആ അഭിപ്രായം ശരിയായിട്ടുള്ളതാണെന്നു് എനിക്കു തോന്നുന്നില്ല.

ഇതിന്റെ എട്ടു പ്രധാന തത്വങ്ങളെപ്പറ്റി ഇവിടെ പറയുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനമായ തത്വമില്ലാത്ത ഒരു തത്വം ഈ ബില്ലിൽ അന്തർഭവിച്ചു കാണുന്നതു് ഈ നിയമം മുൻകാലങ്ങളിൽ തുടങ്ങി നടത്തിയിരുന്ന കൂറികൾക്കുകൂടി ബാധകമാകുമെന്നുള്ളതാണു്. ക്ലാസ്സ് -ൽ പാസ്സാക്കിയ ആക്ട് "പ്രകാരം കൈക്കാരന്മാർ ഇന്നയിന്ന തരത്തിൽ കൂറി നടത്തണമെന്നു് ബഹുമാനപ്പെട്ട ഗവൺമെണ്ടു് അവർക്കു വരുതി കൊടുത്തിട്ടുണ്ടു്. അതു നിയമപ്രകാരം കൂറിയിൽ ചേരുന്നവർക്കും കൂറി നടത്തുന്നവർക്കും ഗവൺമെണ്ടു കൊടുത്തിട്ടുള്ള ഒരു കരാറാണു്. അങ്ങിനെയിരിക്കെ ക്ലാസ്സ് മുതൽ ക്ലാസ്സു വരെ നടക്കുന്ന സംഗതികൾകൂടി വീണ്ടും എടുത്തു് ഒരു പുതിയനിലയിൽ വരുത്തുന്നതു ഒരുവിധത്തിലും ചെയ്യുവാൻ പാടില്ലാത്തതാണു്. ഇതാണു് ഈ ബില്ലുകൊണ്ടുള്ള മുഖ്യമത്തെ ദോഷം. മുമ്പു കൂറി ചിറ്റാളന്മാർക്കു സമ്മതമുണ്ടെങ്കിൽ ഇരട്ട കൊടുക്കണ്ടാ എന്നു ഗവൺമെണ്ടു സമ്മതിച്ചിട്ടുണ്ടു്. ഇന്നത്തെ ഈ ബില്ലുപ്രകാരം പറയുന്ന ക്ലാസ്സ് -ൽ കൂറി തുടങ്ങിയിരുന്നാലും നിങ്ങൾ ഇരട്ട കൊടുക്കണം എന്നു്. ഇതിൽ എന്തു ന്യായമാണുള്ളതു്? ഇതു ആദ്യത്തെ നിയമത്തിൽനിന്നു പുറകോട്ടുപോകുന്ന ഒരു എടുപ്പാടാണു്. ഇതിൽ മുമ്പിലത്തെ നിയമങ്ങളിൽ ഇല്ലാത്ത പല വകുപ്പുകളും ചേർത്തു അവയ്ക്കു മുൻകാലങ്ങളിലേക്കു പ്രായോഗികമായ ശക്തിയും കൊടുത്തു കാണുന്നുണ്ടു്. അതിനെപ്പറ്റിയാണു് എനിക്കു ബലമായ ആക്ഷേപമുള്ളതു്. ഈ കൊടുക്കാതെ ഇപ്പോഴുള്ള കൂറികൾ പൊളിഞ്ഞുപോകുന്നുവെങ്കിൽ അതു നാട്ടുകാർക്കു രക്ഷയാണൊ എന്നാണു ഞാൻ ചോദിക്കുന്നതു്. വെറുതെ രക്ഷ, രക്ഷ എന്നു മാത്രം പറഞ്ഞാൽ പോരാ. ഇതു വാസ്തവത്തിൽ മഹാരാജാവു തിരുമനസ്സിലെ പ്രജകളുടെ ഒരു നല്ലഭാഗത്തെ നാശഗർത്തത്തിലേക്കു തള്ളുവാനുള്ള ഒരു ശ്രമമാണു്. ബഹുമാനപ്പെട്ട കണയന്നൂർ മെമ്പർ ഇവിടെ പറയുകയുണ്ടായി, ട്രഷറിയിൽ സംഖ്യ കെട്ടിവെക്കുന്ന കാര്യം സുരക്ഷിതമില്ലാത്തതാണു് എന്നു്. ഞാൻ ചോദിക്കുന്നു ഈ കൊച്ചീരാജ്യത്തു് എവിടെയെങ്കിലും രണ്ടണ പലിശക്കു് ആരെങ്കിലും

LIBRARY ARCHIVES Kerala Legislative Assembly

സംഖ്യ കടം കൊടുക്കുമോ എന്നു്. ഈ സംഖ്യ കെട്ടിവെക്കുന്നതുകൊണ്ടുള്ള ഗുണം ആക്കാണുണ്ടാകുന്നതു്? വാസ്തവത്തിൽ ഇതിന്റെ അടിയിൽ യാതൊരു ഒഴുക്കുമില്ലെന്നു ഞാൻ ആശിക്കട്ടെ. അനുഭവം മാത്രമെ ഞാൻ പറയുന്നുള്ളൂ. ഇതിൽയാതൊരു തത്വമൊ ന്യായമൊ അടിസ്ഥാനമൊ മയ്യാടയൊ ഉണ്ടെന്നു തോന്നുന്നില്ല. കുറിയിൽചേരുന്നവരിൽനിന്നും കിട്ടുന്ന പണം ബാങ്കിൽനിക്ഷേപിച്ചു് ഈടുമാത്രം കൊടുത്താൽ മതിയെന്നു വെച്ചാൽ രക്ഷയുണ്ടു്. അതു ചെയ്യാതെ ട്രഷറിയിൽ കെട്ടിവെക്കണമെന്നു പറഞ്ഞാൽ ആന്തരീകമായ പല ദോഷങ്ങളുമുണ്ടു്. ഞാൻ ബഹുമാനപ്പെട്ട ഇ സഭയോടും അഡ്വക്കേറ്റ് ജനറൽ അവർകളോടും അപേക്ഷിക്കുന്നതു് പിന്നോക്കം പോകുവാനുള്ള വകുപ്പുകൾ ഫലപ്രാപ്തിയിൽ വരുത്തുവാൻ സമ്മതിക്കരുതെന്നാണു്.

ഇനി ബജനാവിൽ പണം കെട്ടിവെക്കുന്നതിനെ സംബന്ധിച്ചു് ഒന്നുകൂടി വിസ്തരിച്ചു പറയാം. ട്രഷറിയിൽ പണം കെട്ടിവെക്കുന്നതിന്റെ വിഷമവും താമസവും അതിന്റെ ദുരിഷ്ടത്തുകളും ലോ മെമ്പർ അവർകൾക്കും ഗവർമ്മെണ്ടിനും മനസ്സിലായിട്ടില്ലെന്നു് വിശ്വസിക്കുന്നു. ഒരു വ്യക്തിക്കു പണം കൊടുക്കേണ്ടതുണ്ടെങ്കിൽ ആ വ്യക്തിയോടുമാത്രമെ ഉത്തരവാദിത്വമുള്ളൂ. ഇപ്പോഴില്ല, ഒരു പതിനഞ്ചു ദിവസം കഴിയട്ടെ എന്നു് പറഞ്ഞാൽ അതുവരെ അയാൾ കാത്തിരിക്കുകയും ചെയ്യും. അതിനുള്ള സ്വാതന്ത്ര്യംകൊടുക്കാതിരുന്നുകിട്ടുന്നില്ല. ചിറ്റാളന്മാർക്കും യാതൊരു സ്വാതന്ത്ര്യവും കൊടുത്തിട്ടില്ല. ഇങ്ങിനെ ആന്തരീകമായിട്ടുള്ള പല ദോഷങ്ങളും ഇതിലുണ്ടു്.

ഗവർമ്മെണ്ടിനു് അപ്പുവ്ഡു് ബാങ്കുകളുടെ ലിസ്റ്റ് തയ്യാറാക്കുവാൻ വിഷമമാണെന്നു ഇവിടെ പറയുകയുണ്ടായി. ഗവർമ്മെണ്ടിനു് വലിയ വലിയ ഉദ്യോഗങ്ങൾക്കു് ആളുകളെ തിരഞ്ഞെടുക്കുവാൻ വിഷമമില്ലെങ്കിൽ, തൂക്കിക്കൊല്ലുവാൻകൂടി അധികാരമുള്ള സ്ഥാനങ്ങളിലേക്കു് ആളുകളെ നിയമിക്കുവാൻ വിഷമമില്ലെങ്കിൽ അപ്പുവ്ഡു് ബാങ്കുകളുടെ ലിസ്റ്റും തയ്യാറാക്കുവാനും വിഷമമുണ്ടായിരിക്കുകയില്ല. എതായാലും ട്രഷറിയിൽ കൊണ്ടുപോയി പണം കൊടുക്കണമെന്നു് പറയുന്നതു് വളരെ സങ്കടകരമായിട്ടുള്ളതാണു്. തീർച്ചയായിട്ടും ഈ വശങ്ങളെപ്പറ്റി എതിർപ്പുണ്ടാകുമെന്നുള്ളതിനു സംശയമില്ല.

ഇനി കമ്മീഷനെപ്പറ്റിയാണു് പറയുവാനുള്ളതു്. വക്കീലന്മാരുടെ ആദായത്തെ സംബന്ധിച്ചോ കച്ചവടക്കാരുടെ ആദായത്തെ സംബന്ധിച്ചോയാതൊരു വിരോധവും ഗവർമ്മെണ്ടു് പറയുന്നില്ല. ഡോക്ടർമാർക്കും അവരുടെ സമ്പളത്തിനു് പുറമെ പ്രാക്ടീസു നടത്തി ആദായമുണ്ടാക്കുന്നതിലും ഗവർമ്മെണ്ടു വിരോധിക്കുന്നില്ല. വ്യാപാരസംബന്ധികമായ എതൊരു പദ്ധതികളിലും ഉണ്ടാകുന്ന ലാഭത്തെ സംബന്ധിച്ചു നമ്മുടെ ഗവർമ്മെണ്ടോ മറ്റു ഗവർമ്മെണ്ടുകളോ ഇടപെടുന്നില്ല. ഈ രാജ്യത്തുതന്നെ അനവധി തൊഴിലുകളുണ്ടു്. അങ്ങിനെയുള്ള യാതൊരു കായ്ങ്ങളിലും ഗവർമ്മെണ്ടു് ഇടപെടുന്നില്ല. അങ്ങിനെയിരിക്കെ എന്തിനാണു് ഈ കുറിക്കാരുടെ കായ്യത്തിൽ ഗവർമ്മെണ്ടു പ്രവേശിക്കുന്നു?

Mr. T. V. Subramania Ayyar *(Nemmara)*: Is it the hon'ble member's contention that the Government cannot interfere and go against the sanctity of the contract ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. ജെ. മത്തായി: ഞാൻ മലയാളത്തിൽ പ്രസംഗിച്ചതു കൊണ്ടു് മലയാളത്തിൽ തന്നെ ചോദിക്കേണ്ടതായിരുന്നു. ഗവർമ്മെണ്ടിനു് അധികാരമുണ്ടോ എന്നാണു് ചോദിക്കുന്നതു്. ഗവർമ്മെണ്ടിനു് എല്ലാ അധികാരങ്ങളുമുണ്ടു്. യഥാർത്ഥത്തിൽ കമ്മീഷന്റെ കാര്യം ആലോചിക്കുമ്പോൾ അതു വളരെ ഭയങ്കരമായിട്ടാണു് കാണുന്നതു്. ഇതു് ദീർഘകാലമായിട്ടു നടത്തുന്ന കൂറികൾക്കു് വലിയ ദോഷമല്ല. തൃശ്ശിവപേരൂർ നടത്തുന്ന കൂറികൾക്കു് വലിയ ദോഷമൊന്നും വരാനില്ലായിരിക്കാം. അവിടെയുള്ളതൊക്കെ ദീർഘകാലകൂറികളാണു്. എന്നാൽ എറണാകുളത്തും മറ്റും നടത്തുന്ന ചെറിയ മാസകൂറികൾക്കു് ഇതു വളരെ ദോഷം ചെയ്യുന്നതാണു്. നറുക്കിന്നു് പത്തുരൂപാവീതം ൫൦ മാസംകൊണ്ടു വട്ടമെത്തുന്നവിധം നടത്തുന്ന കൂറിയുടെ പണം ഇരുപതു മാസംകൊണ്ടു വച്ചുപോകും. അപ്പോൾ കൂറി നടത്തുന്ന ആൾക്കു് ഈ വിഷമങ്ങളെല്ലാം സഹിച്ചാൽ പലിശയിൽ മുന്നും കിട്ടുകയില്ല. ചെറിയ കൂറികളും വലിയ കൂറികളും തമ്മിൽ വലിയ വ്യത്യാസമുണ്ടു്. ഈ ബില്ലിൽ അതിനു യാതൊരുപ്രൊവിഷനുമില്ല.

ഇനി കമ്മീഷന്റെ വശത്തെക്കുറിച്ചു കൂടുതലായി പറയുകയാണെങ്കിൽ ഇരുനൂറു രൂപ സലയുള്ള കൂറിക്കു് ൫ കയും, ൫൦൦ രൂപ സലയുള്ള കൂറിക്കു് ൭൫ കയും ആയിരം രൂപ സലയുള്ള കൂറിക്കു് ൧൫൦ കയും ആണു് കമ്മീഷൻ നിശ്ചയിച്ചിട്ടുള്ളതു്. ഇതു ആക്ഷേപാർഹമായ ഒന്നാണു്. ഏതെങ്കിലും ഒരു നറുക്കുകാരൻ പണം വെച്ചില്ലെങ്കിൽ അതു് കൈക്കാരൻ വെച്ചുകൊടുക്കണം. ഇതിനെല്ലാം പുറമെ വല്ല സംഖ്യയും നഷ്ടപ്പെട്ടുപോയാൽ അതു വസൂലാക്കാൻ മാർഗ്ഗവുമില്ല.

പിന്നെ ൫ ശതമാനം പിരിഞ്ഞാലും ഇല്ലെങ്കിലും കെട്ടിവെക്കണമെന്നുള്ളതാണു് മറെറാരു സങ്കടം. എന്തിനു കൈക്കാരന്മാരോടു കെട്ടിവെക്കണമെന്നു പറയുന്നു? പിരിയുന്ന സംഖ്യ കെട്ടിവെക്കണമെന്നു പറഞ്ഞാൽ അതിനു അർത്ഥമുണ്ടു്.

ഇനി ബാലൻസ് ഷീററ് തയ്യാറാക്കണമെന്നു പറഞ്ഞിട്ടുള്ളതിനെ കുറിച്ചു പറയാം. ബാലൻസ് ഷീററ് തയ്യാറാക്കണമെങ്കിൽ കണക്കിനെപ്പററി നല്ല പരിജ്ഞാനമുള്ള ആളായിരിക്കണം. ബാലൻസ് ഷീററ് എന്നു പറഞ്ഞാൽ ലാഭചേതക്കണക്കാണു്. നാട്ടിൻപുറത്തുകാരാണു് ചെറിയ കൂറികൾ അധികം നടത്തുക. അവക്കു ബാലൻസ് ഷീററ് തയ്യാറാക്കുക എന്നുള്ളതു് വളരെ പ്രയാസമാണു്. ലാഭചേത കണക്കു തയ്യാറാക്കണമെങ്കിൽ നല്ല ഒരു കണക്കനും നിയമപരിജ്ഞാനമുള്ള ഒരാളും കൂടി ഇരുന്നെങ്കിലെ സാധിക്കയുള്ളൂ. കൂടാതെ ഈ കണക്കുകൾ ഗവർമ്മെണ്ടു സർട്ടിഫൈഡ് ആഡിറേഴ്സിനെ കൊണ്ടു് പരിശോധിപ്പിക്കയുംവേണം. ഇരുനൂറു രൂപയുടെ കൂറിവെക്കുന്ന ഒരു സാധുവും ഈ ആഡിറേഴ്സിനെ അന്വേഷിച്ചു പോകണ്ടേ? അയാൾക്കു കിട്ടുന്നതു് അഞ്ചുരൂപയാണു്. ഞാൻ ഒരു ഉദാഹരണം പറയാം. സാധാരണ ഒരു സാധു ൫൦൦ രൂപയുടെ കൂറിവെക്കുന്നതു് അയാളുടെ മകളെ കെട്ടിക്കുന്നതിന്നോ അല്ലെങ്കിൽ പുരയകടം വീട്ടുന്നതിന്നോ മറെറാ ആണു്. സാധാരണ അവരുടെ ബന്ധുക്കളും അയൽവാസികളുമാണു് ഈ കൂറിയൽ ചേരുന്നതു്. അവക്കാർക്കും ഈ നോട്ടമൊന്നുമില്ല. അങ്ങിനെയുള്ള വഴിപോലും ഗവർമ്മെണ്ടു തടയുകയാണു് ഇതുകൊണ്ടുചെയ്യുന്നതു്. അതുകൊണ്ടു് ലാഭചേ

LIBRARY ARCHIVES Kerala Legislative Assembly

തക്കണക്കു തയ്യാറാക്കണമെന്നുപറയുന്നതു് ഭയങ്കരമായ ഒരു നിയമമാണു്. ഇതു് വലിയവലിയ ബാങ്കുകൾക്കല്ലാതെ സാദ്ധ്യമല്ല.

കൈക്കാരന്മാർ കുറിക്കാക്കു പണം കൊടുക്കാതെ പിടിച്ചുവെക്കാതിരിക്കുവാനാണു് ഈ ആക്ടു് കൊണ്ടുദ്ദേശിക്കുന്നതെങ്കിൽ അതുഎത്രയാണു് ശരിയാണു്. അതിനു ഇങ്ങിനെയുള്ള ഒരു നിയമം കൊണ്ടുവരേണ്ട ആവശ്യമില്ല. ഇപ്പോഴത്തെ നിയമത്തിലുള്ള ക്ലോസ്സു് അമൻഡുചെയ്താൽ ധാരാളം മതിയാകുന്നതാണു്. പിന്നെ കുറി ചുരുക്കുവാനും പാടില്ല. ഇതുകൊണ്ടു് കുറിയുടെ സ്വഭാവം കുറയ്ക്കുന്നതിനൊ ചില ക്ലോസ്സുകളെ നീക്കം ചെയ്യുന്നതിനൊ അനുവദിച്ചില്ലെങ്കിൽ അതും ഭയങ്കരമായ ഒരു സംഗതിയാണു്. അപ്പോൾ ആകപ്പാടെ നോക്കുമ്പോൾ കുറി തുടങ്ങുന്ന കൈക്കാരൻ നീന്തറിയുവാൻ കഴിയാത്ത ഒരുത്തൻ കിഴവനച്ചാലിൽ വീഴുന്നതിനുതുല്യമാണു്. ഈ നിയമം പാസാക്കുന്ന പക്ഷം കൊച്ചി രാജ്യത്തുള്ള കുറികൾ മുഴുവൻ നശിക്കുകയും മേലാൽ ആരും കുറിവെക്കുന്നതിനു തുനിയാതിരിക്കുകയും ചെയ്യും.

ലാമെമ്പർ അവർകൾ കൊണ്ടുവന്നിട്ടുള്ള സെലക്ടു് കമ്മിറ്റി മെമ്പർമാരുടെ കാര്യത്തിൽ എനിക്കു ഒരു അമണ്ടുമെന്റു് കൊണ്ടുവരുവാനുണ്ടു്. അതായതു് അദ്ദേഹം പറഞ്ഞിട്ടുള്ള മെമ്പർമാരോടു് കൂടി മിസ്റ്റർ മോസ്സ്രമേനോനേയും മിസ്റ്റർ ഗോവിന്ദപ്പൈയേയും കൂട്ടിചേർത്തു് അങ്ങിനെ എഴുപേരടങ്ങിയ ഒരു കമ്മിറ്റിയെ ഇതിൽ നിശ്ചയിക്കണമെന്നു ഞാൻഗവൺമെണ്ടിനോടപേക്ഷിക്കുന്നു.

Mr. V. K. Krishnankutty *(Ezhuvas-Trichur)*: I second it.

Panel Chairman: You are therefore making a motion that the Select Committee may consist of these men?

Mr. V. J. Mathai *(Planters)*: Yes.

മിസ്റ്റർ പത്തൂർ അച്യുതമേനോൻ: സർ, ഈ ബില്ലിന്റെ പ്രാഥമികതത്വത്തെക്കുറിച്ചുമാത്രം ഒരു വാദപ്രതിവാദം നടത്തുമ്പോൾ, ഇതിനു മുമ്പെ ചില മെമ്പർമാർ ബില്ലിനെ വിമർശിച്ചിട്ടുള്ളതിനു് ഒരു സമാധാനം പറയുക എന്ന ചുമതല എനിക്കു നിർവ്വഹിക്കേണ്ടതായിട്ടുണ്ടു്. എന്റെ ഒരു മാന്യസ്നേഹിതൻ പറയുകയുണ്ടായി കുറി എന്ന സ്ഥാപനം കൊച്ചിരാജ്യത്തു് എന്നു മാത്രമല്ല, കേരളത്തിലൊട്ടാകെതന്നെ വളരെ പുരാതനകാലം മുതൽ നടന്നുവരുന്ന ഒരു സ്ഥാപനമാണു് എന്നു്. അതു് ഞാനും സമ്മതിക്കുന്നു. അതേസമയത്തുതന്നെ എന്റെ മാന്യസ്നേഹിതന്മാർ അവരുടെ വാദമുഖങ്ങളെ സമർത്ഥിക്കാനോ എന്നു തോന്നുമാറു് ഒരു കാര്യം വിസ്മരിച്ചുകൊണ്ടാണു് സംസാരിച്ചതു്. കുറിയെന്ന സ്ഥാപനം കേരളത്തിനു് എത്രത്തോളം നന്മചെയ്തിട്ടുണ്ടോ അത്രത്തോളം തിന്മയും ചെയ്തിട്ടുണ്ടെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല. കുറിയെന്ന സ്ഥാപനംകൊണ്ടു് വളരെ വ്യക്തികൾ വളർന്നുവന്നിട്ടുണ്ടെങ്കിൽ വളരെ വ്യക്തികൾ നശിച്ചും പോയിട്ടുണ്ടെന്നു് കൊച്ചിരാജ്യത്തിന്റെ സെൻസസ്റിപ്പോർട്ടുകൊണ്ടു് കാണാവുന്നതാണു്. ഒരു കാര്യം സമ്മതിക്കാതെ നിവൃത്തിയില്ല. കൊച്ചിരാജ്യത്തു് കുറി നടത്തുന്നതു് സ്വാധീനശക്തിയുള്ള ചില വ്യക്തികളും സ്ഥാപനങ്ങളുമാണു്. ഫാർ-ലെ കുറി ആക്ടിൽ, കുറിയുടെ സ്വഭാവത്തിൽ രണ്ടിരട്ടി മാമ്മൂലം വെക്കണമെന്ന വ്യവസ്ഥയുണ്ടെങ്കിലും അങ്ങിനെയുള്ള എത്ര കുറികൾ കൊച്ചിരാജ്യത്തു് നടക്കുന്നുണ്ടു്? എന്തുകൊണ്ടു് നടക്കുന്നില്ല എന്നുവെച്ചാൽ കുറിക്കൈക്കാരന്മാർ സ്വാധീനശക്തിയുള്ളവരാണു്. അവരുടെ

LIBRARY ARCHIVES Kerala Legislative Assembly

സ്വാധീനശക്തിയെ മാത്രം വിശ്വസിച്ച് ചേരുന്നവരാണ് ചിറ്റാള ന്മാർ എന്നുള്ളതുകൊണ്ട് ജാമ്മ്യം കെട്ടിവെക്കാതെ കുറി നടത്താൻ സാധിക്കും. അങ്ങിനെ വളരെ സ്വാധീനശക്തിയുള്ള ഒരുകൈക്കാരന്മാരുടെ ചൊല്പടിയിൽ പെട്ട് പണം കിട്ടാതെ വിഷമിച്ച കടത്തിൽ മുഴുകിയിരിക്കുന്ന വളരെ വ്യക്തികളുണ്ട്. അവരെ രക്ഷിക്കേണ്ട ചുമതല ഗവമ്മെണ്ടിനുണ്ട്. കുറികൈക്കാരന്മാർ ൪൨ % പണം കെട്ടിവെക്കണമെന്നു പറഞ്ഞതുകൊണ്ട് വലിയ ഇളക്കമാണ് ഉണ്ടായിട്ടുള്ളതു്. കുറി തുടങ്ങുന്നതു് ഒരു കരാറിന്മേലാണ്. ആ കരാർ നിശ്ചയം ചെയ്യുന്നതു്, കുറി കിട്ടുന്നാൾക്കു് കൊടുക്കേണ്ട പണം അടുത്ത കുറിയുടെ പിറ്റേദിവസം കൊടുക്കണമെന്നാണ്. അങ്ങിനെ അവകാശപ്പെട്ട ദിവസം പണം കൊടുക്കാതെകഴിയുമോ എന്നു് ഞാൻ ചോദിക്കുന്നു. അങ്ങിനെ കൊടുക്കാൻ സാധിക്കാതെവന്നാൽ ൪൮ % ഡിപ്പോസിറ്റു ചെയ്താൽ മതിയെന്നാണ് പറയുന്നതു്. ഈ വ്യവസ്ഥകൊണ്ട് കുറികൈക്കാരന്മാരെ സഹായിക്കുകയാണ് ഗവമ്മെണ്ടു് ചെയ്തിട്ടുള്ളതു്. വാസ്തവത്തിൽ കരാറനുസരിച്ചു്, കുറി കിട്ടിയ ആൾക്കു് കരാർ ദിവസം പണം കൊടുക്കാൻ സാധിച്ചില്ലെങ്കിൽ ആ സംഖ്യ മുഴുവനും ഡിപ്പോസിറ്റു ചെയ്യണമെന്നാണ് ഗവമ്മെണ്ടു് പറയേണ്ടതു്. എന്നാൽ ഗവമ്മെണ്ടു് എല്ലാ കാര്യങ്ങളിലും സ്വീകരിക്കാറുള്ള ഒരു മദ്ധ്യമനസ്ഥിതി ഇവിടേയും സ്വീകരിച്ചു് ഒരു സ്ഥാപനത്തേയും വിഷമിപ്പിക്കേണ്ട എന്ന ഉദ്ദേശത്തോടുകൂടിയാണ് ആദ്യം ൫൦ % അടയ്ക്കുക, പിന്നീടു് അടുത്ത ഫ്രീ-മാസം-യും, സെക്കന്റ്-മാസം-യും പിരിയുന്ന സംഖ്യ അടയ്ക്കുകയെന്നും, ഒട്ടാകെ സംഖ്യ രണ്ടു മാസത്തിനുള്ളിൽ അടയ്ക്കുകയെന്നും വെച്ചിട്ടുള്ളതു്. ഇങ്ങിനെയുള്ള മനസ്ഥിതി സ്വീകരിച്ചു ഗവമ്മെണ്ടിനെ കുറ്റം പറയുന്നതു്, അതായതു് താല്പര്യക്കാരുടെ ഉള്ളിൽ കിടക്കുന്ന ഉദ്ദേശം സാധിക്കുന്നതിനും, കുറിയിൽ ചേരുന്നവരുടെ രക്ഷയെ നോക്കാതെയുമാണ്. കരാർ ചെയ്തിട്ടുണ്ടെങ്കിൽ അതനുസരിച്ചു പ്രവൃത്തിക്കണം. കരാർ ലംഘിച്ചാൽ ശിക്ഷിക്കുന്നതിനു് കോടതിക്കധികാരമുണ്ട്. കരാറനുസരിച്ചു് പണം കൊടുക്കുന്നതിനു് നിർബ്ബന്ധിക്കാനുള്ള ചുമതല ഗവമ്മെണ്ടിനില്ലേയെന്നാണ് ഞാൻ ചോദിക്കുന്നതു്?

Mr. A. B. Salem *(Mattancheri)*: May I ask you a question. If as a matter of fact 50% of the kuri amount is not collected by the foreman on that day, where is he to deposit from or how will he deposit the same?

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ൫൦ % പിരിയ്ക്കാത്തതു് ആരുടെ കുറ്റംകൊണ്ടാണ്?

Mr. A. B. Salem *(Mattancheri)*: I ask the question from where is the foreman to raise the money?

Mr. Puthur Achyuta Menon *(Kattur)*: കയ്യിൽ നിന്നെടുത്തു കൊടുക്കണം. According to the contract between the foreman and the subscriber as per the *vaimpu* he is expected to raise the money.

കുറി വയ്ക്കിൽ പിരിഞ്ഞാലും പിരിഞ്ഞില്ലെങ്കിലും കൊടുത്തുകൊള്ളാമെന്നു സമ്മതിച്ചിട്ടുണ്ട്. നിങ്ങൾ കരാർ ചെയ്താൽ ആ കരാർ അനുസരിച്ചു് നടക്കേണ്ടായെന്നാണോ ഗവമ്മെണ്ടു് നിങ്ങളോടു പറയേണ്ടതു്? ഈ കാര്യത്തിൽ വല്ല കുറവും ഗവമ്മെണ്ടിനെ പറയാനുണ്ടെങ്കിൽ അതിന്നാവശ്യവും അവകാശവും കുറിയിൽ ചേർന്നിട്ടുള്ള വ്യക്തികൾക്കാണ്.

LIBRARY ARCHIVES Kerala Legislative Assembly

പിന്നെ എനിക്കു പറയാനുള്ളതു് "If on the due date the prize money is not taken on account of incapacity" .... എതെങ്കിലും കാരണത്തെകൊണ്ടു് പണം കൊടുക്കാൻ സാധിച്ചില്ലെങ്കിൽ ആ പണം മുഴവനും ഡിപ്പോസിറ്റു ചെയ്യേണ്ടതാണു്. തുശ്ശിവപേരൂർ പട്ടണത്തിലെ കുറികളെപ്പറ്റി ഞാനാക്ഷേപം പറയുന്നില്ല. അവിടത്തേക്കുമാത്രമുള്ളതല്ല ഈ ലജിസ്ലേഷൻ; ഇതു് കൊച്ചിരാജ്യത്തെ മുഴവൻ ബാധിക്കുന്നതാണു്. ഇന്നു് കൊച്ചിരാജ്യത്തെ കോടതികൾ പരിശോധിച്ചാലറിയാം, കുറി വട്ടമെത്തിയിട്ടും കുറിക്കാരന്നു പണം കൊടുക്കാത്ത കേസ്സു് എത്രയെണ്ണം ഫയലാക്കീട്ടുണ്ടെന്നു്. കൊടുക്കാനുള്ള പണം കൊടുക്കണമെന്നു പറയുന്നതിൽ എന്താണു് തെറ്റുള്ളതു്? ഈടുകൊടുത്തു് കുറികൈക്കാരന്മാരെ തുടിപ്പെടുത്തുവാൻ കൊച്ചി രാജ്യത്തു സാദ്ധ്യമല്ല. അതുകൊണ്ടു് ഈടിന്റെ കാര്യത്തിൽ രജിസ്ട്രേഷൻ സൂപ്രണ്ടിനു് ഒരധികാരം കൊടുത്താൽ വേണ്ടില്ല. വാസ്തവത്തിൽ കുറി കൈക്കാരന്മാരെ സഹായിച്ചുകൊണ്ടുള്ള ഒരു ബില്ലാണിതു്. എങ്കിലും കുറിയിൽ ചേർന്നിട്ടുള്ള ജനങ്ങളുടെ പൊതുനാമധേയത്തിൽ എനിക്കു് ശബ്ദമുണ്ടാക്കുവാനുള്ളതു് ഈ ബിൽ ഇങ്ങിനെതന്നെയെങ്കിലും പാസ്സാക്കിത്തരുവാനുള്ള സന്മനസ്സുണ്ടാകണമെന്നാണു്.

*മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരിപ്പാടു്: സർ, ഞാൻ ഈ ബില്ലിനെ വളരെ ബലമായി പിന്താങ്ങുന്നു. പ്രധാനമായി എനിക്കു പറയുവാനുള്ളതു് 10 ശതമാനം കെട്ടിവെക്കണമെന്നു് ഇതിൽ പറഞ്ഞിട്ടുള്ളതു് 7½ ശതമാനമാക്കിയാൽ തരക്കേടില്ല എന്നുള്ളതാണു്. അതുകൊണ്ടു് ഇവിടെ യാതൊരബദ്ധവും വരാനില്ല. ഈ രാജ്യത്തു് കുറി നടത്തുന്നില്ലെങ്കിൽ സർക്കാരിനു വല്ല നഷ്ടവുമുണ്ടോ? മറ്റൊരാളുടെ പണം വെറുതെ പോകുവാൻ നാം അറിഞ്ഞുകൊണ്ടു് സമ്മതിക്കരുതു്. ഞാൻ രണ്ടു കുറി വെച്ചുനടത്തി. അതു് തീരുകയും ചെയ്തു. ഇനി യാതൊരു കുറിയും ഞാൻ വെക്കുകയുമില്ല, യാതൊരു കുറിയിലും ഞാൻ ചേരുകയുമില്ല എന്നു് സത്യവും ചെയ്തു. ഈ നിയമം കൊണ്ടു് നമുക്കു് ഒരു ദോഷവും വരാനില്ല. ബാങ്കുകാരാണു് ഈ വക തകരാറുകളൊക്കെ ഉണ്ടാക്കുന്നതു്. ഇൻഡ്യൻ കമ്പനീസു് ആക്ടിൽ ബാങ്കുകൾക്കു് കുറി നടത്തുവാൻ അനുവദിച്ചിട്ടില്ല. എന്നാൽ കൊച്ചിരാജ്യത്തു് എതോ ചിലരുടെ സ്വാധീനശക്തികൊണ്ടു് ഇവിടത്തെ കമ്പനി ആക്ടിൽ അനുവദിച്ചു.

മിസ്റ്റർ വി. ജെ. മത്തായി: അതു ശരിയല്ല. കമ്പനി ആക്ടപ്രകാരം അവിടെയും അനുവദിച്ചിട്ടുണ്ടു്.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരിപ്പാടു്: മദ്രാസ്സിൽ നടത്താൻ പാടില്ല.

മിസ്റ്റർ വി. ജെ. മത്തായി: അവിടേയും നടത്താം.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരിപ്പാടു്: ഞാൻ ഒരു വക്കീലല്ലാത്തതുകൊണ്ടു് എനിക്കു് അതിനെപ്പറ്റി അത്ര നിശ്ചയമില്ല. ഏതായാലും കൊച്ചിരാജ്യത്തു് ഇങ്ങിനെ അനുവദിച്ചതു് വലിയ ആപത്തായി. മേലാൽ ഈ ആപത്തുവരരുതു്. ഈ നിയമമനുസരിച്ചു് നല്ല മര്യാദക്കാരായവർ വല്ല കുറിയും നടത്തുന്നുവെങ്കിൽ നടത്തിക്കൊള്ളട്ടെ. അത്രയും മതി. അതുകൊണ്ടു് അമ്പതു ശതമാനമെന്നുള്ളതു് ഒരിക്കലും കുറക്കാൻ പാടില്ല.

*Speech not corrected by the hon'ble member

LIBRARY ARCHIVES Kerala Legislative Assembly

ഇരട്ട കൊടുക്കുന്നകാര്യം പറയുകയാണെങ്കിൽ ഇപ്പോൾ ആയിരം രൂപാക്ക് പതിനായിരം ഉറുപ്പികയുടെ ഇരട്ട കൊടുക്കണം. ഇതിനെല്ലാം മതി ഗുണം കിട്ടുന്നതിനുവേണ്ടി ഈ നിയമം കണിശമായും ഇവിടെ പാസ്സാക്കണമെന്നാണു് ഞാൻ പറയുന്നതു്.

ഫ്രാഞ്ചൈസ് കുറേ തുടങ്ങീട്ടുള്ളവർക്കും ഇതു് ബാധകമാക്കിയാൽ മോശമുണ്ടു്. എനിക്കിന്നു ഫണ്ടു വയസ്സായാൽ കൊള്ളാമെന്നുവെച്ചാൽ അതു് സാധിക്കുമോ? (ചിരി). സാധിക്കയില്ല. പഴയ കുറികളും ഈ നിയമപ്രകാരം നടത്തണമെന്നു് പറയുന്നതു് ശരിയല്ല. ഇനിമുതൽ തുടങ്ങുന്ന കുറികൾക്കെ ഇതു ബാധിക്കാവൂ. ഈ കാര്യത്തിൽ മാത്രമെ എനിക്കഭിപ്രായ വ്യത്യാസമുള്ളൂ. ബാക്കിയുള്ളകാര്യങ്ങളിൽ ഇതിലും കൂടുതലായ നിയമം പാസ്സാക്കിയാലും വിരോധമില്ല.

Mr. A. B. Salem *(Mattancheri):* Sir, I regret I cannot support this Bill. I am opposing the motion for referring it to a Select Committee. I am of the opinion that there should be no time wasted on this Bill by referring it to the Select Committee. That is my case.

Mr. M. K. Devassy *(Adur):* What is the result of your opposing that motion?

Mr. A. B. Salem *(Mattancheri):* Now, Sir, I find according to the report of the Kuri Committee that there are about 197 kuries of one sort and 85 kuries of another sort. Altogether 282 kuries in the State deal with 16 lakhs of rupees—the actual collections in a year. The total collections that ought to be made in a year are Rs. 48 lakhs. Now it is for the purpose of regulating the subscribers of these few kuries and the few foremen that we are bringing this legislation. Kuries, I understand, are only voluntary institutions. To it persons may get in, of their own accord or may be persuaded to get in, as one Hon'ble Member said. But it is not an institution in which any one is compulsorily taken in. As such, the only relationship in a kuri—even according to the High Court of Cochin—is a contractual relationship and not a fiduciary relationship. If the Kuri is trust then there is the Trust Act. He could be dealt with for misappropriation of money, if the foreman does not fulfil his contractual relationship. An ordinary suit in an ordinary court in the ordinary manner will satisfy the purpose. What is the difficulty? Why should the Government go to the succour either of the foreman or of the subscriber in economic matters? If you interfere in these economic matters and in the economic development and welfare of the people or with accepted notions of economy in the country, the result would be the same as that of the Agriculturists' Relief Bills. What is the effect of the Agricultural relief Bill and the interference of the Government in these matters between the tenant and the landlord or the agriculturist and the

LIBRARY ARCHIVES Kerala Legislative Assembly

kanom tenant? The poor people have been hit hard. He cannot get any money. If you go into Travancore or British India, you get no money. In Mattancheri and Trichur you can still get some money. Because there is little money relationship that is rotating. If you go and interfere in these by this Bill, it will upset the people and the calculations that they might have made. They have got so many calculations in view. They utilise kuri amounts derived at a discount for the purpose of marriages, births, deaths, etc. If you are going to interfere in these matters, the people will be put to difficulties in getting some money. Now I ask a question. Suppose 50 per cent of the kuri collections which the foreman is expected to deposit in the treasury is not collected. What should he do? Why should Government go and ask him to deposit 50 per cent which he has not actually collected? Therefore, do not interfere. Those people know whether he has actually collected or not.

